നായി കെട്ടിടത്തിന്റെ രൂപരേഖ അയച്ചുതരികയും ആവശ്യമായ ഭേദഗതികളോടെ അയച്ചുതന്ന കെട്ടിടത്തിന്റെ രൂപരേഖ 4.8.99-ന് ചീഫ് ആർക്കിടെക്ടിന് തിരിച്ച് അയച്ചുകൊടുത്തിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിനുള്ള ഭരണാനുമതി ധനകാര്യ വകുപ്പിൽനിന്നും കിട്ടുന്ന മുറയ്ക്ക്, നടപടികൾ ആരംഭിക്കും.

(ഡി) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് അലംഭാവം ഉണ്ടായിട്ടില്ല.

(ഇ) പ്രൊപ്പോസൽ തൽക്കാലം സഫർ ചെയ്യണമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുകയാണ്. ധനകാര്യവകുപ്പിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

66 (1282) കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് ബിസിനസ്സ് മാനേജ്മെന്റ് കോഴ്സിലെ ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് ആരൊക്കെ നിവേദനങ്ങൾ നൽകിയിട്ടുണ്ട്;

(സി) ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടംവരെയായി;

(ഡി) നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുട്ടികളുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിലെ വിദ്യാർത്ഥികൾ ബഹു. ജനാബ് അബ്ദുറബ്ബ് എം.എൽ.എ. മുഖാന്തിരം നൽകിയ നിവേദനം ലഭിച്ചിട്ടുണ്ട്.

(സി)&(ഡി) പരാതിയിൽ ആവശ്യപ്പെട്ടിട്ടുള്ളതുപോലെ ജോലികൾക്ക് അടിസ്ഥാനയോഗ്യതയായി ഈ കോഴ്സ് കണക്കാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഈ കോഴ്സ് കെ.ജി.ടി.ഇ. (ടൈപ്പ്റൈറ്റിംഗ്)ന് തുല്യമായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. മറ്റു ജോലികൾക്ക് യോഗ്യതയായി കണക്കാക്കുന്നതിന് നടപടികൾ എടുത്തുവരികയാണ്.

67 (1283) വെച്ചൂച്ചിറ പോളിടെക്നിക്

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെച്ചൂച്ചിറ പോളിടെക്നിക്കിന് വെച്ചൂച്ചിറ എക്സ് സർവ്വീസ്മെൻ കോളനി സഹകരണസംഘം എത്ര ഏക്കർ സ്ഥലം നൽകിയിട്ടുണ്ട്; എന്നാണ് നൽകിയത്;

LIBRARY ARCHIVES Kerala Legislative Assembly